ഉത്തരം

(എ) & (ബി) വിവിധ വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

മഞ്ചേരി ജില്ലാ ആശുപത്രിയിൽ പെരിഫെറൽ യൂണിറ്റ്

75 [169] *ശ്രീ. ഇസഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ഹാർട്ട് ഫൗണ്ടേഷന്റെ പെരിഫെറൽ യൂണിറ്റ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിൽ കേരള ഹാർട്ട് ഫൗണ്ടേഷൻ ആരംഭിക്കുന്നതിനോടനുബന്ധിച്ച് ആറ് പ്രാഥമിക ക്ലിനിക്കൽ കാർഡിയോളജി യൂണിറ്റുകൾ ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥാപിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ജില്ലാ ആശുപത്രി, മലപ്പുറം (മഞ്ചേരി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) & (സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിൽ കേരള ഹാർട്ട് ഫൗണ്ടേഷൻ പൂർണ്ണമായി പ്രവർത്തനം ആരംഭിച്ചതിനുശേഷം, ജില്ലാ ആസ്ഥാനങ്ങളിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

പ്രവർത്തനരഹിതമായി കിടക്കുന്ന പി. എച്ച്. സി.-കൾ

76 [172] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെയും എം. പി. മാരുടെയും പ്രാദേശിക വികസന ഫണ്ട് ചെലവഴിച്ച് കെട്ടിടം നിർമ്മിച്ച് പ്രവർത്തനരഹിതമായി കിടക്കുന്ന എത്ര പി.എച്ച്.സി.-കൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പി.എച്ച്.സി.-കൾ പ്രവർത്തനക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു പി.എച്ച്.സി.-യും ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്നില്ല. എന്നാൽ എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് മുഖേന നിർമ്മിച്ച 13 കെട്ടിടങ്ങളും എം.പി. മാരുടെ പ്രാദേശിക വികസന ഫണ്ട് മുഖേന നിർമ്മിച്ച 72 കെട്ടിടങ്ങളും പ്രവർത്തനരഹിതമായി കിടക്കുന്നുണ്ട്.

(ബി) മേൽവിവരിച്ച 85 കെട്ടിടങ്ങളിൽ 84 കെട്ടിടങ്ങൾ ആശുപത്രി വാർഡുകളായും ഒരെണ്ണം ഒ.പി. ബ്ലോക്കായും ആണ് നിർമ്മിച്ചിട്ടുള്ളത്. ഒ.പി. ബ്ലോക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ നടപടി എടുത്തിട്ടുണ്ട്. 84 കെട്ടിടങ്ങളിൽ ജീവനക്കാരുടെ അധിക തസ്തികകളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയാൽ പ്രവർത്തനക്ഷമമാക്കുവാൻ കഴിയും. ഇതിൽ 12 സ്ഥലങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ബാക്കി 73 സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

പി. എച്ച്. സി.-കൾ സി. എച്ച്. സി.-കളാക്കുന്ന നടപടി

77 [173] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജക മണ്ഡലത്തിൽ പൊതുജനങ്ങൾക്ക് ഏറ്റവും കൂടുതൽ ഉപകാരപ്രദമായ ചുനക്കര പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പി. എച്ച്. സി., സി. എച്ച്. സി. ആയി ഉയർത്തുമ്പോൾ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ കണക്കിലെടുത്ത് കൂടുതൽ പി. എച്ച്. സി. കൾ സി. എച്ച്. സി. കളാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പി.എച്ച്.സി. കളുടെ മൊത്തത്തിലുള്ള ശോച്യാവസ്ഥ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചുനക്കര പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) ഓരോ വർഷവും കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന കാറ്റ അനുസരിച്ചാണ് പി. എച്ച്. സി. കളെ സി.എച്ച്.സി. കളായി ഉയർത്തുന്നത്. 10-ാം പഞ്ചവത്സര പദ്ധതി സമയത്ത് (2002-2007) 75 സി.എച്ച്.സി. കളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 2002-2003-ൽ 3-ഉം 2003-2004-ൽ 18-ഉം 2004-2005-ൽ 18-ഉം പി.എച്ച്.സി. കളാണ് സി.എച്ച്.സി. ആയി മാറ്റുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly